പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4466 — 22.07.2015 ൽ മറുപടിക്ക്

## സ്ത്രീ സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.പി. സജീന്ദ്രൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, എ.റ്റി. ജോർജ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സ്ത്രീ സുരക്ഷാ പദ്ധതിക്ക് ആഭ്യന്തരവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്.സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പ് 'നിർഭയകേരളം സുരക്ഷിതകേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | വിവിധ സന്ദർഭങ്ങളിൽ സ്ത്രീകൾ നേരിടേണ്ടിവരുന്ന അതിക്രമസാഹചര്യങ്ങൾ തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കുക, അത്തരം സന്ദർഭങ്ങൾ നേരിടേണ്ടിവന്നാൽ സ്വയരക്ഷയ്ക്കായി പെട്ടെന്ന് സ്വീകരിക്കേണ്ടിവരുന്ന പ്രതിരോധതന്ത്രങ്ങൾ സ്വായത്തമാക്കുക, അതുവഴി സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാലയങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾ തുടങ്ങിയവയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |
| (ഡി) | പ്രസ്തുതപദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | (ഡി) | പ്രസ്തുതപദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ ഓരോ പോലീസ് ജില്ലയിലും 6 മുതൽ 10 വനിതാ പോലീസുകാർ ഉൾപ്പെടുന്ന ടീമിന് പരിശീലനം നൽകി 'റിസോഴ്സ് ടീം' എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. |

Rajani.M
സെക്ഷൻ ഓഫീസർ